# എ എം എൽ പി എസ്
# നീരോൽപലം

**School Code : 19835**

## സ്കൂൾ മാസ്റ്റർ പ്ലാൻ

## 2025-26

# അക്കാദമിക ഭൗതിക നേട്ടങ്ങൾ -പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്നു. മികവുറ്റ അധ്യാപക സമൂഹം.<br>• ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം.<br>• മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം.<br>• 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.<br>• കലാപഠനം, പ്രവൃത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.<br>• പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അമ്മയുമൊത്തു എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ.<br>• പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്.<br>• സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br>• പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br>• കാർഷിക പ്രവൃത്തികൾ, ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>• മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടാനുണ്ട്.<br>• വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.<br>• മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br>• ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല.<br>• കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.<br>• IED കാട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.<br>• ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ്. സ്ഥിരതയുള്ള ഇൻ്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ICT യുമായി ബന്ധിപ്പിച്ചു നൽകാൻ പ്രയാസം നേരിടുന്നു. കെ-ഫോൺ കണക്ഷൻ അതുവരെ |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്ന് ഉറപ്പുവരുത്തുക.

3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.

4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.

6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

7. ക്ലാസ്സ് തല വായന, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

**പരിസര പഠനം (Environmental Studies)**

**1.** ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തുകയും ശാസ്ത്രബോധവും ശാസ്ത്രീയ മനോഭാവവും വികസിപ്പിക്കുകയും ചെയ്യുക.

2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ നൽകുക.

3 .ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുകയും ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുകയും ചെയ്യുക.

4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.

5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകൾ ശാസ്ത്രപഠനത്തിനായി ഉപയോഗപ്പെടുത്തുക.

**സാമൂഹികാവബോധം (Social Awareness)**

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തങ്ങളുടെ ഉത്തരവാദിത്തം തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.

3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുക.

**ഗണിതം (Mathematics)**

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്ന് ഉറപ്പാക്കുക.

4. ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.

5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

**ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ (Utilizing ICT possibilities)**

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

2 അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.

3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

**പ്രവൃത്തി പരിചയം (Work Experience)**

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

2. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

3. ഇതര വിഷയങ്ങളുമായും പഠനവുമായും പ്രവൃത്തിപരിചയ അനുഭവത്തെ ബന്ധിപ്പിക്കുക.

**കലാപരിശീലനം (Art Education)**

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.

2. കലാഭിരുചി വളർത്തുക.

3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.

4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

**ആരോഗ്യ കായിക വിദ്യാഭ്യാസം (Health and Physical Education)**

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.

3. ആരോഗ്യ ശീലങ്ങൾ വളർത്തുക.

4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

**അറബിക് (Arabic)**

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.

3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.

4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.

5. ഭാഷാ പഠനത്തിൽ ഐ.ടി.യുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക

## വിലയിരുത്തൽ, രേഖപ്പെടുത്തൽ, അക്കാദമിക മോണിറ്ററിംഗ്

**അക്കാദമിക മോണിറ്ററിംഗ് (Academic Monitoring)**

- വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക മോണിറ്ററിംഗ്.

- പഠനം കേവലം ലക്ഷ്യബദ്ധമായതല്ല, കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുനഃസംഘടനയ്ക്കും പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

**പ്രവർത്തന ലക്ഷ്യങ്ങൾ:**

- വിദ്യാലയങ്ങളിൽ HELP 2025 പ്രകാരമുള്ള പഠനപദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.

- അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ് റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.

- കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.

- ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.

- വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (PTA, HM, SMC, SSK) പ്രോത്സാഹിപ്പിക്കുക.

**പ്രവർത്തന ഘട്ടങ്ങൾ:**

- ***തീയതി നിശ്ചയിച്ച സന്ദർശനം:*** ഡയറ്റ്, DEO, AEO തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിവാരം ഒരു സ്കൂൾ സന്ദർശിക്കുകയും HELP 2025 ഹാൻഡ്ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തുകയും ചെയ്യും.

**മോണിറ്ററിംഗ് ഉപാധികൾ:**

- **UNIT WISE MONITORING FORMAT:** പഠനഫലങ്ങൾ, പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, പോയിന്റുകൾ എന്നിവ ഉൾക്കൊള്ളുന്നു.
- **PORTFOLIO EVIDENCE:** കുട്ടികളുടെ പ്രവർത്തനങ്ങൾ, ചിത്രങ്ങൾ, വിലയിരുത്തൽ എന്നിവ ഉൾപ്പെടുന്നു.

- **NOTEBOOK ENTRY CHECKLIST:** ക്ലാസ്സിലെ റിവ്യൂ, ഓൺ-ദ-സ്പോട്ട് വിലയിരുത്തൽ എന്നിവ.

- **OBSERVATION TOOL:** കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്.

**പ്രതിവാര അവലോകനം:**

- സന്ദർശനം, കുട്ടികളുടെ പ്രവർത്തനം, അധ്യാപകരുടെ ആസൂത്രണം, ക്ലാസ് അന്തരീക്ഷം എന്നിവയുടെ റിപ്പോർട്ട്.

- ബ്ലോക്ക്/ജില്ലാതല അവലോകന യോഗങ്ങൾ മുഖേന സംവേദനം

**വിലയിരുത്തൽ:**

- HELP 2025 പ്രകാരം ഓരോ യൂണിറ്റിനും സൂക്ഷ്മ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക.

- കുട്ടികളുടെ പ്രതികരണങ്ങൾ, പഠന ലഘുചിത്രങ്ങൾ, പോർട്ട്ഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുക.

- അധ്യാപകരുടെ ടെസ്റ്റ് ബുക്ക്, ഡയറികൾ, യഥാസമയം എഴുതി വച്ച ആസൂത്രണങ്ങൾ പരിശോധിക്കുക.

- റീഡേഴ്സ് തിയേറ്റർ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം, സാമൂഹ്യ-ഭാഷാവികാസം തുടങ്ങിയ ഘടകങ്ങൾക്കുള്ള പങ്കാളിത്തം.

- അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗനിർദ്ദേശം നൽകുക.

**വികാസപ്രദ വിലയിരുത്തൽ (Formative Assessment)**

വികാസപ്രദ വിലയിരുത്തൽ (Formative Assessment) എന്നത് പഠനപ്രക്രിയയിൽ ഉൾനിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ്. പഠനത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നൽകുന്ന വളർച്ചാകേന്ദ്രമാണ് ഇത്.കുട്ടിയുടെ അറിവ്, പ്രക്രിയാശേഷി, പങ്കാളിത്തം, ആശയവിനിമയം, ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടുപോകുന്ന ശൈലി വളർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ. KCF 2023 ന്റെ അടിസ്ഥാനത്തിൽ പഠനത്തിലേക്കുള്ള പ്രക്രിയാഗത വളർച്ചക്കായാണ് വിലയിരുത്തലിന്റെ മുഖ്യഭൂമി.

**പ്രവർത്തന ലക്ഷ്യങ്ങൾ:**

- കുട്ടിയുടെ പഠനപ്രവൃത്തിയിൽ പങ്കാളിത്തം, ധാരണ, പ്രകടനം, രേഖപ്പെടുത്തൽ എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക.

- സമയത്തിൽ കുട്ടിയുടെ പഠന പുരോഗതിയെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുക.

- വൈവിധ്യമാർന്ന പഠന രീതികളിൽ ഉൾപ്പെടുത്തിയ വളർച്ച തിരിച്ചറിയുക.

- അധ്യാപകർക്ക് അവരുടെ പഠനനടപടികൾ വിലയിരുത്താനും, മെച്ചപ്പെടുത്താനും സഹായിക്കുക.

- പോർട്ട്ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി കുട്ടിയുടെ അതിജീവനവൈവിധ്യങ്ങൾ ഉൾപ്പെടുത്തുക.

**പ്രവർത്തന ഘട്ടങ്ങൾ:**

☛ **പ്രവർത്തന പങ്കാളിത്തം:**

- പ്രവർത്തനം ഏറ്റെടുത്തു?
- ഗ്രൂപ്പിൽ പ്രവർത്തിച്ചു?
- ആശയങ്ങൾ പങ്കുവെച്ചു?

☛ **ആശയധാരണ.**

- ഉള്ളടക്കം മനസ്സിലാക്കിയിരിക്കുന്നു?
- അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ?

☛ പ്രക്രിയാശേഷി വിലയിരുത്തൽ:

- മുൻധാരണകൾ എന്തെല്ലാമായിരുന്നു?
- പുതിയ പ്രക്രിയാശേഷികൾ വിജയകരമായി കൈവരിച്ചോ?

☛ പ്രകടനം / അവതരണം:

- ഗ്രൂപ്പ് പ്രവർത്തനത്തിനു ശേഷം വ്യക്തിഗതമായി ഫലപ്രദമായി അവതരിപ്പിച്ചു?
- താൻ കണ്ടെത്തിയ കാര്യങ്ങൾ യുക്തിപൂർവമായി വിശദീകരിച്ചു?

☛ രേഖപ്പെടുത്തൽ:

- പ്രവർത്തനങ്ങൾക്കുള്ള രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നു?
- അതിനുള്ള ആകൃതിയും അതിൻ്റെ അടക്കം, മനസ്സിലാക്കാവുന്ന വിധത്തിലുള്ള അവതരണമാണ്?
- ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം സാധ്യമായ രേഖകൾ നൽകിയിട്ടുണ്ടോ?

☛ വിലയിരുത്തൽ മാർഗ്ഗങ്ങൾ:

⇒ നിരീക്ഷണം (Observation):

- അധ്യാപകന്റെ ദൈനംദിന നിരീക്ഷണ റിപ്പോർട്ടുകൾ. ചെക്ക് ലിസ്റ്റ്-

⇒ അഭിമുഖം (Interview):

- കുട്ടിയുമായുള്ള സൗഹൃദപരമായ സംവാദം.

⇒ റേറ്റിംഗ് സ്കെയിൽ:

- പ്രവർത്തനത്തിലെ വിവിധ ഘടകങ്ങൾ 1 മുതൽ 5 വരെ സ്കോർ ചെയ്യുക.

കേസ്സ്റ്റഡി / സ്കെച്ചുകൾ / ഡയറി നോട്ടുകൾ:

- വ്യക്തിഗത പഠനത്തിലെ പുതിയ വഴികൾ അടയാളപ്പെടുത്തുക.

⇒ സ്വയം വിലയിരുത്തൽ ഫോറങ്ങൾ:

- കുട്ടി സ്വയം തന്റെ വളർച്ചയെക്കുറിച്ച് രേഖപ്പെടുത്തുന്നത്.

**പോർട്ട്ഫോളിയോ വിലയിരുത്തൽ:**

- പ്രതിമാസം ഓരോ കുട്ടിയുടെയും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ സമാഹരിച്ച് പോർട്ട്ഫോളിയോ രൂപത്തിൽ നിക്ഷേപിക്കുക.

- ക്ലാസ് PTA യോഗങ്ങളിൽ പോർട്ട്ഫോളിയോ മാതാപിതാക്കൾക്ക് കാണിച്ചുകൊടുക്കുക.

- HELP 2025 ക്ലാസ് ഹാൻഡ്ബുക്കിലെ യൂണിറ്റ് വിലയിരുത്തലുകളുമായി യോജിപ്പിക്കുക.

**KCF 2023 നിർദ്ദേശങ്ങൾ അനുസരിച്ച്:**

- വിലയിരുത്തൽ രീതികൾ കുട്ടിയുടെ മനോഭാവം, തനിമ, പ്രത്യേകതകൾ, അഭിരുചികൾ എന്നിവ ഉൾപ്പെടുത്തണം.

- ഭിന്നശേഷിക്കാരായ കുട്ടികൾക്കും എളുപ്പത്തിൽ അടുക്കാവുന്ന രീതിയിൽ ഉണ്ടായിരിക്കണം.

- വിലയിരുത്തലിന് കൃത്യതയും സംവേദ്യതയും ഉണ്ടാകണം,

- തത്സമയത്തിൽ നടത്തപ്പെടുന്ന വിലയിരുത്തലുകൾ വിദ്യാർത്ഥിയിലും അധ്യാപകനിലും തിരിച്ചറിവുകൾ സൃഷ്ടിക്കണം.

**HELP 2025** ഹാൻഡ്ബുക്കും, സമഗ്ര പുരോഗതി രേഖയും, പ്രവർത്തന വിഭാഗങ്ങൾക്കായുള്ള ക്ലാസ് രീതി, പ്രതിദിന ആസൂത്രണം എന്നിവയുമായി സംയോജിപ്പിച്ച് പഠന മാറ്റങ്ങൾ ഉണ്ടാകുന്നതിനുള്ള അധ്യാപക പിന്തുണയും, ആധികാരിക മേൽനോട്ടവും ഉറപ്പാക്കേണ്ടത് വിദ്യാഭ്യാസ സംവിധാനത്തിന്റെ ഉത്തരവാദിത്തമാണ്.

## സമഗ്ര പുരോഗതി രേഖ (Holistic Progress Card)

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമേഖലാപരമായ പ്രക്രിയയാണ്. അത്തരം വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും ശേഖരിക്കാനും, തുടർന്നുള്ള അധ്യയനത്തിനും പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് സമഗ്ര പുരോഗതി രേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതൊരു പരീക്ഷാ മാർക്കിനപ്പുറം, കുട്ടിയുടെ ബുദ്ധിപരമായ കഴിവ്, സാമൂഹികമായ പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, മാനസികസ്ഥിതികൾ, ശാരീരികക്ഷമത തുടങ്ങിയവയെ സമാനമായി വിലമതിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പുതുക്കപ്പെടുകയും അടുത്ത ക്ലാസിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.

**പ്രവർത്തന ലക്ഷ്യങ്ങൾ:**

- കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക.

- ബുദ്ധിമുട്ടുകളും പുരോഗതിയും തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.

- അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ കൃത്യമായി ഒറ്റ രേഖയിൽ ഉൾപ്പെടുത്തുക.

- തുടർച്ചയായ അധ്യയനത്തിന് ശാസ്ത്രീയത നൽകുക.

- പാഠപദ്ധതികൾ, പഠനശൈലികൾ, അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക.

**പ്രവർത്തന ഘട്ടങ്ങൾ:**

രേഖയുടെ രൂപരേഖ തയ്യാറാക്കൽ:

- പ്രധാന മേഖലകൾ:

♦ വൈജ്ഞാനികം (Academic)
♦ വൈകാരികം (Emotional)
♦ സാമൂഹികം (Social)

♦ ശാരീരികം (Physical)

♦ മാനസികം (Mental)

- ആചരണപൂർണ്ണത / മൂല്യബോധം

- ആശയവിനിമയക്ഷമത

- സഹപാഠികളുമായുള്ള ഇടപെഴകൽ / സഹകരണം

**വിലയിരുത്തലിന്റെ ഘടകങ്ങൾ നിർണ്ണയിക്കൽ:**

- ഓരോ മേഖലയിലെയും നിരീക്ഷണ രേഖകൾ.
- അധ്യാപക കമന്റുകൾ / PTA വിലയിരുത്തൽ

- ക്ലാസ് പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ, അർഹതകൾ

**കാലക്രമമനുസൃതമായി രേഖപ്പെടുത്തൽ:**

- മാസപരവും പാദപരവും ആയി നിരീക്ഷണങ്ങളും വിലയിരുത്തലുകളും രേഖപ്പെടുത്തുക.

- കുട്ടിയുടെ സ്വഭാവ വ്യത്യാസങ്ങൾ, വളർച്ചാനടവുകൾ എന്നിവ ഇടപെടലുകൾക്കനുസൃതമായി രേഖപ്പെടുത്തുക.

**പുതിയ ക്ലാസിലേക്ക് കൈമാറ്റം.**

### പ്രവർത്തന പദ്ധതികൾ

## മലയാളം

**പ്രവർത്തനം: 1**

**പേര്: പുസ്തകം എന്റെ ചങ്ങാതി**

**ഉപമേഖല : വായന**

**ലക്ഷ്യം** : കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക

**പ്രവർത്തനങ്ങൾ :** പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു.

കാലം : ആഴ്ചയിൽ ഒരു ദിവസം (പുസ്തകം)

ചുമതല : ................

സാമ്പത്തിക വിശകലനം : **1000**

**പ്രവർത്തനം: 2**

**പേര്** : എന്റെ പിറന്നാൾ പുസ്തകം

**ഉപമേഖല : വായന**

**ലക്ഷ്യം** : മികച്ച വായനാശീലം വളർത്തുക

**പ്രവർത്തനങ്ങൾ :** എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു.

കാലം : ജൂൺ മുതൽ മാർച്ച് വരെ

ചുമതല : ക്ലാസ് ടീച്ചർ

സാമ്പത്തിക വിശകലനം :

**പ്രവർത്തനം: 3**

**പേര്** : ഉച്ചഭാഷിണി വായന

**ഉപമേഖല : വായന**

**ലക്ഷ്യം** : അർഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു

**പ്രവർത്തനങ്ങൾ :** ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന

കാലം : ജൂൺ മുതൽ

ചുമതല : ക്ലാസ് ടീച്ചർ

സാമ്പത്തിക വിശകലനം :

**പ്രവർത്തനം: 4**

**പേര്: അക്ഷരക്കൂട്ടം (വായനാകോർണർ)**

**ഉപമേഖല: വായന**

**ലക്ഷ്യം:** മികച്ച വായനാശീലം വളർത്തുക

**പ്രവർത്തനങ്ങൾ:** ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. ക്ലാസ്സ്റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു.

- കാലം: ജൂൺ മുതൽ മാർച്ച് വരെ
- ചുമതല: സ്കൂൾ ലൈബ്രേറിയൻ, ക്ലാസ് ടീച്ചർ
- സാമ്പത്തിക വിശകലനം: 4000

**പ്രവർത്തനം: 5**

**പേര്: സ്കൂൾ ലൈബ്രറി**

**ഉപമേഖല: വായന**

**ലക്ഷ്യം:** മികച്ച വായനാശീലം വളർത്തുക

**പ്രവർത്തനങ്ങൾ:** സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ. സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ.

- കാലം: ജൂൺ മുതൽ മാർച്ച് വരെ
- ചുമതല: പി.ടി.എ., പ്രാദേശിക ഘടകങ്ങൾ
- സാമ്പത്തിക വിശകലനം: 5000

**പ്രവർത്തനം: 6**

**പേര്: ക്ലാസ്സ് തല കയ്യെഴുത്ത് മാഗസിൻ**

**ഉപമേഖല: ലേഖനം**

**ലക്ഷ്യം:** ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക

**പ്രവർത്തനങ്ങൾ:** ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്സ് തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ.

- ചുമതല: ക്ലാസ് ടീച്ചർ
- സാമ്പത്തിക വിശകലനം: 2000

**പ്രവർത്തനം: 7**

**പേര്: ക്ലാസ്സ് തല പതിപ്പുകൾ**

**ഉപമേഖല: ലേഖനം**

**ലക്ഷ്യം:** ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക

**പ്രവർത്തനങ്ങൾ:** വിദ്യാലയ വിശേഷങ്ങൾ, ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്സ് തല പതിപ്പുകൾ ഒരുക്കൽ.

- കാലം: എല്ലാ മാസവും
- ചുമതല: ക്ലാസ് ടീച്ചർ
- സാമ്പത്തിക വിശകലനം: 1500

**പ്രവർത്തനം: 8**

**പേര്: എന്റെ വായനാ കുറിപ്പുകൾ**

**ഉപമേഖല: ലേഖനം**

**ലക്ഷ്യം:** എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക

**പ്രവർത്തനങ്ങൾ:** വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്). വായനാക്കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു.

- കാലം: ജൂൺ മുതൽ മാർച്ച് വരെ
- ചുമതല: ക്ലാസ് ടീച്ചർ
- സാമ്പത്തിക വിശകലനം: 3000

**പ്രവർത്തനം: 9**

**പേര്: കയ്യെഴുത്തു മാസികകൾ, പ്രിന്റ്ഡ് മാഗസിൻ**

**ഉപമേഖല: ലേഖനം**

**ലക്ഷ്യം:** കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ

**പ്രവർത്തനങ്ങൾ:** കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്).

- കാലം: ടേമിലും പ്രിൻ്റഡ് മാഗസിൻ വർഷത്തിൽ ഒന്ന്
- ചുമതല: വിദ്യാരംഗം ഭാഷാക്ലബ്ബ്, പരസ്യം വഴി ഫണ്ടിംഗ്
- സാമ്പത്തിക വിശകലനം: 15000

**പ്രവർത്തനം: 10**

**പേര്: രചനോത്സവം**

**ഉപമേഖല: ലേഖനം**

**ലക്ഷ്യം:** ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക

**പ്രവർത്തനങ്ങൾ:** അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതി.

- കാലം: ജൂൺ മുതൽ മാർച്ച് വരെ
- സാമ്പത്തിക വിശകലനം: **2000**

**പ്രവർത്തനം: 11**

**പേര്: സർഗ്ഗവേള**

**ഉപമേഖല: പ്രകടന വേദികൾ**

**ലക്ഷ്യം:** എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക

**പ്രവർത്തനങ്ങൾ:** വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്). വായനാക്കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു.

- കാലം: ജൂൺ മുതൽ മാർച്ച് വരെ
- ചുമതല: ക്ലാസ് ടീച്ചർ
- സാമ്പത്തിക വിശകലനം: **3000**

**പ്രവർത്തനം: 12**

**പേര്: ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക**

**ഉപമേഖല: ആശയഗ്രഹണം**

**ലക്ഷ്യം:** ആശയവിനിമയ ശേഷി കൈവരിക്കൽ

**പ്രവർത്തനങ്ങൾ:** പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം.

- കാലം : ജൂൺ ,ജൂലൈ
- ചുമതല :
- സാമ്പത്തിക വിശകലനം: **3000**

**പ്രവർത്തനം: 13**

**പേര്: പാട്ടരങ്ങ്**

**ഉപമേഖല: ഭാഷാ സമൃദ്ധി**
**ലക്ഷ്യം:** ഭാവപ്രകടനം, ശബ്ദപ്രയോഗം, സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക.

**പ്രവർത്തനങ്ങൾ:** കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം ഘടിപ്പിക്കുന്നു. രാഗ -താളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിക്കുന്നു.

- **ചുമതല:** ഭാഷാ ക്ലബ്, ക്ലാസ്സ് ടീച്ചർ

- **സാമ്പത്തിക വിശകലനം: 4000**

**പ്രവർത്തനം 14**

**പേര്: നാട്ടുവിശേഷം കൂട്ടെഴുത്ത്**
**ഉപമേഖല: ലേഖനാവിഭാവനം**
**ലക്ഷ്യം:** എഴുത്തിനൈപുണ്യം, സമഗ്ര ചിന്താശേഷി, ദേശീയവിവേകബോധം വികസിപ്പിക്കുക.
**പ്രവർത്തനങ്ങൾ:** കുട്ടികളുടെ നാട്ടുപരിചയത്തെ ആസ്പദമാക്കി കൂട്ടായി ഒരു ലേഖനം രൂപപ്പെടുത്തുന്നു. കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവെക്കാനും ആലോചനകൾ എഴുതാനും അവസരം നൽകുന്നു.

- **കാലം:** ജൂൺ മുതൽ മാർച്ച് വരെ

- **ചുമതല:** പി.ടി.എ, പ്രാദേശിക കാര്യകർത്താക്കൾ

- **സാമ്പത്തിക വിശകലനം: 5000**

**പ്രവർത്തനം : 15**

**പേര്: റീഡേഴ്സ് തിയേറ്റർ**
**ഉപമേഖല: വായനവളർത്തൽ**
**ലക്ഷ്യം:** വായനാത്ൽപര്യവും അഭിനയം വഴി വ്യക്തിത്വ വികസനമാണ് പ്രധാന ലക്ഷ്യം
**പ്രവർത്തനങ്ങൾ:** കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാനായകന്മാർ, സംഭാഷണശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു.

- **ചുമതല:** ക്ലാസ്സ് ടീച്ചർ

- **സാമ്പത്തിക വിശകലനം: 2000**

**പ്രവർത്തനം: 16**

**പേര്: ഭാഷോത്സവം**
**ഉപമേഖല: ഭാഷാ കാഴ്ചവത്ക്കരണം**
**ലക്ഷ്യം:** ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക, ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക.
**പ്രവർത്തനങ്ങൾ:** ഭാഷാ പ്രസംഗം, കഥപറയൽ, കവിതാപാരായണം, കൊളാഷുകൾ, ഭാഷാ പോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം.

- **കാലം:** ജൂൺ മുതൽ മാർച്ച് വരെ
- **ചുമതല:** സ്കൂൾ, ഭാഷാ ക്ലബ്, ക്ലാസ്സടീച്ചർ
- **സാമ്പത്തിക വിശകലനം: 4000**

**പ്രവർത്തനം: 17**

**പേര്: അരങ്ങത്തേക്ക്**
**ഉപമേഖല: അവതരണശേഷി വികസനം**
**ലക്ഷ്യം:** ആത്മവിശ്വാസം വർദ്ധിപ്പിക്കുക, വേദികളിൽ ആശയവിനിമയം അറിയിക്കാൻ സഹായിക്കുക.
**പ്രവർത്തനങ്ങൾ:** കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ, കഥകൾ, സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവുമുള്ള ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു.

- **കാലം:** ജൂൺ മുതൽ മാർച്ച് വരെ
- **ചുമതല:** പി.ടി.എ, പ്രാദേശിക കാര്യകർത്താക്കൾ
- **സാമ്പത്തിക വിശകലനം: 5000**

# ഇംഗ്ലീഷ്

**പ്രവർത്തനം: 1**

**പേര് : ഇംഗ്ലീഷ് അസംബ്ലി**
**ഉപമേഖല : പ്രകടനവേദികൾ**

**ലക്ഷ്യം** : ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ.

**പ്രവർത്തനങ്ങൾ:** ആഴ്ചയിൽ ഒരുദിവസം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു.

- **കാലം:** ആഴ്ചയിൽ ഒരു ദിവസം
- **ചുമതല:** ഇംഗ്ലീഷ് അധ്യാപകൻ/അധ്യാപിക

**പ്രവർത്തനം: 2**

**പേര് : ഇംഗ്ലീഷ് ഡയറി (3,4 ക്ലാസ്സുകളിൽ)**
**ഉപമേഖല : ലേഖനം**

**ലക്ഷ്യം** : ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്

**പ്രവർത്തനങ്ങൾ:** ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക.

- **കാലം:** ആഴ്ചയിൽ ഒരു ദിവസം
- **ചുമതല:** ക്ലാസ്സ് ടീച്ചർ

**പ്രവർത്തനം : 3**

**പേര്** : **ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ)**

**ഉപമേഖല** : **ലേഖനം**
**ലക്ഷ്യം** : ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരമൊരുക്കുക.
**പ്രവർത്തനങ്ങൾ :** ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുക. ജൂൺ - പരിസ്ഥിതി, ജൂലൈ - ചന്ദ്രൻ, ആഗസ്റ്റ് - സ്വാതന്ത്ര്യദിനം, സെപ്റ്റംബർ - ഓണം, ഒക്ടോബർ - ഗാന്ധി, നവംബർ - കേരളം, ഡിസംബർ - ക്രിസ്തുമസ്, ജനുവരി - ന്യൂഇയർ.

- **കാലം:** ഓരോ മാസവും
- **ചുമതല:** ക്ലാസ്സ് ടീച്ചർ

**പ്രവർത്തനം : 4**

പേര്: Reading Card Work Shop
ഉപമേഖല: വായനാ സാമഗ്രി
**ലക്ഷ്യം** : **ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക.**

**പ്രവർത്തനങ്ങൾ:** രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംങ്ങ് കാർഡ് തയ്യാറാക്കുക.

- **കാലം:** ജൂൺ
- **ചുമതല:** ഇംഗ്ലീഷ് അധ്യാപകൻ/അധ്യാപിക
- **സാമ്പത്തിക വിശകലനം: 1000**

**പ്രവർത്തനം : 5**

**പേര്:** Work Sheet Work Shop
**ഉപമേഖല:** അധ്യാപക ശാക്തീകരണം
**ലക്ഷ്യം** : മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് പ്രാവീണ്യം നേടുക.
**പ്രവർത്തനങ്ങൾ:** മുന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു അധ്യാപകരുടെ നേതൃത്വത്തിൽ.

- **കാലം:** ജൂലൈ
- **ചുമതല:** എസ്.സി.ഇ.ആർ.ടി
- **സാമ്പത്തിക വിശകലനം: 4000**

## അറബിക്

**പ്രവർത്തനം : 1**

**പേര്: ലോക ഭാഷ -അറബി ഭാഷ**

**ഉപമേഖല: അടിസ്ഥാന ശേഷി വികസനം**

**ലക്ഷ്യം** : പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.

- **പ്രവർത്തനങ്ങൾ:** അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക. മുന്നറിവ് പരിശോധിക്കുക, അക്ഷരങ്ങൾ ഉറപ്പിക്കൽ, വാചകങ്ങൾ നിർമ്മിക്കൽ.
- **കാലം:** രണ്ടുമാസം
- **ചുമതല:** അറബി ടീച്ചർ

**പ്രവർത്തനം: 2**

**പേര്** : അറബി വായനോത്സവം
**ഉപമേഖല** : വായന
**ലക്ഷ്യം** : **കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.**
**പ്രവർത്തനങ്ങൾ:** സ്കൂൾ ലൈബ്രറി വായനാകുറിപ്പുകൾ, അറബിക് പത്രവായന/റേഡിയോ

**കാലം:** മാർച്ച്

- **ചുമതല:** അറബിക് അധ്യാപകൻ

**പ്രവർത്തനം : 3**

**പേര്:** അറബി രചനോത്സവം
**ഉപമേഖല:** ലേഖനം
**ലക്ഷ്യം** : **വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്സിൽ ഒരുക്കുക.**

**പ്രവർത്തനങ്ങൾ:** പതിപ്പുകളുടെ നിർമാണം, വായനാകുറിപ്പ് ശേഖരണം, ചുമർപത്രങ്ങൾ, പോസ്റ്ററുകൾ, ഭാഷാകളികൾ എന്നിവ നടത്തുക.

- **ചുമതല:** അറബി ടീച്ചർ

- **സാമ്പത്തിക വിശകലനം: 2000**

## ഗണിതം

**പ്രവർത്തനം 1**

**പേര്** : ഗണിത വർക്ക് ഷീറ്റ് ശിൽപശാല
**ഉപമേഖല** : വർക്ക് ഷീറ്റ് തയ്യാറാക്കൽ
**ലക്ഷ്യം** : പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക.
**പ്രവർത്തനങ്ങൾ:** എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ.

- കാലം : ഓരോടേമിന്റെയും തുടക്കത്തിൽ

- **ചുമതല:** SSG

- **സാമ്പത്തിക വിശകലനം: 4000**

**പ്രവർത്തനം : 2**

**പേര്: ഗണിതലാബ് (ഗണിതമധുരം)**
**ഉപമേഖല : ഗണിത കേളികൾ**
**ലക്ഷ്യം** : അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക.
**പ്രവർത്തനങ്ങൾ:** കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ.

- **കാലം:** 2023-24
- **ചുമതല:** സ്കൂൾ മാനേജ്മെന്റ്
- **സാമ്പത്തിക വിശകലനം: 15000**

**പ്രവർത്തനം : 3**

**പേര്:** ഗണിതമൂല
**ഉപമേഖല:** ഗണിത കേളികൾ
**ലക്ഷ്യം** : അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന്
**പ്രവർത്തനങ്ങൾ:** മുഴുവൻ ക്ലാസ്സിലും ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ).

- **ചുമതല:** ക്ലാസ്സ് ടീച്ചർ
- **സാമ്പത്തിക വിശകലനം: 2000**

**പ്രവർത്തനം: 4**

**പേര്:** യൂണിറ്റ് വിലയിരുത്തൽ
**ഉപമേഖല:** യൂണിറ്റ് ടെസ്റ്റ്
**ലക്ഷ്യം** : ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കാൻ
**പ്രവർത്തനങ്ങൾ:** ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു.

- **കാലം:** ജൂൺ മുതൽ
- **ചുമതല:** ക്ലാസ്സ് ടീച്ചർ

**പ്രവർത്തനം : 5**

**പേര്:** ഗണിതക്ലാസ് പി.ടി.എ.
**ഉപമേഖല:** സി.പി. ടി. എ ശാക്തീകരണം
**ലക്ഷ്യം** : ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്ന് ഉറപ്പാക്കൽ.

- **പ്രവർത്തനങ്ങൾ:** ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു.

- **കാലം:** ടേമിലും

- **ചുമതല:** ക്ലാസ്സ് ടീച്ചർ

**പ്രവർത്തനം: 6**

**പേര്:** ഗണിതം മധുരം
**ഉപമേഖല:** ഗണിത കേളി
**ലക്ഷ്യം** **:** അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കാൻ

**പ്രവർത്തനങ്ങൾ:** ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ, ക്യാമ്പുകൾ, ശില്പശാലകൾ.

- **കാലം:** ജൂൺ മുത

- **ചുമതല:** ക്ലാസ്സ് ടീച്ചർ

**പരിസര പഠനം**

**പ്രവർത്തനം :**

**പേര്:** ശാസ്ത്ര പഠനോപകരണ ശില്പ ശാല
**ഉപമേഖല:** ലാബ് ശാക്തീകരണം
**ലക്ഷ്യം** **:** ശാസ്ത്ര പ്രക്രിയ വ്യാപിപ്പിക്കുക.

- **പ്രവർത്തനങ്ങൾ:** ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ.

- **ചുമതല:** ക്ലാസ്സ് ടീച്ചർ

- **സാമ്പത്തിക വിശകലനം: 400**

**പ്രവർത്തനം : 2**

**പേര്:** എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്
**ഉപമേഖല:** ശാസ്ത്ര അവബോധം വളർത്തൽ
**ലക്ഷ്യം** **:** ശാസ്ത്രപഠന താൽപര്യം വളർത്തുക,
**പ്രവർത്തനങ്ങൾ:** ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ.
**കാലം:** എല്ലാ മാസത്തിലും
**ചുമതല:** ക്ലാസ്സ് ടീച്ചർ

**പ്രവർത്തനം: 3**

**പേര്:** പരീക്ഷണകിറ്റ്
**ഉപമേഖല:** നിരീക്ഷണ പ്രവർത്തനങ്ങൾ
**ലക്ഷ്യം : ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചയ്ക്കും പ്രവർത്തനങ്ങൾ ഒരുക്കാനും**

- **പ്രവർത്തനങ്ങൾ:** മുഴുവൻ കുട്ടികൾക്കും (3,4 ക്ലാസുകളിൽ) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ.

- **കാലം: 2005 ജൂൺ മുതൽ മാർച്ച് വരെ**

- **ചുമതല:** ക്ലാസ്സ് ടീച്ചർ

- **സാമ്പത്തിക വിശകലനം: 3000**

**പ്രവർത്തനം : 4**

**പേര്:** പരീക്ഷണോത്സവം

**ഉപമേഖല:** ശാസ്ത്രാന്വേഷണം

**ലക്ഷ്യം : ശാസ്ത്ര വിഷയങ്ങളിലേക്കുള്ള താത്പര്യവും ഉത്സാഹവും വർദ്ധിപ്പിക്കുക.**

**പ്രവർത്തനങ്ങൾ:** ക്ലാസ്സ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും മനഃശാസ്ത്രപരമായി കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യമിടുന്നത്.

- **കാലം:** മാസവും

- **ചുമതല:** ക്ലാസ്സ് ടീച്ചർ

- **സാമ്പത്തിക വിശകലനം: 2000**

**പ്രവർത്തനം: 1**

**പേര്:** ലഹരി :- രാസ ലഹരി, മൊബൈൽ അഡിക്ഷൻ
**ഉപമേഖല:** ശാരീരിക, മാനസിക ആരോഗ്യ ബോധവൽക്കരണം
**ലക്ഷ്യം : കുട്ടികളിൽ മോശം ആസക്തികളെക്കുറിച്ചുള്ള ബോധവും പ്രതിരോധശേഷിയും വളർത്തുക.**
**പ്രവർത്തനങ്ങൾ:** ബോധവൽക്കരണ ക്ലാസുകൾ, വീഡിയോകളിലൂടെ പ്രഭാഷണം, ഉപദേശക സംവാദങ്ങൾ, പോസ്റ്റർ നിർമ്മാണം, കടപ്പാട് പ്രകടനങ്ങൾ എന്നിവയിലൂടെ കുട്ടികളിൽ ബോധം വളർത്തുന്നു.

- **കാലം:** അധ്യായന തുടക്കത്തിൽ

- **ചുമതല:** ആരോഗ്യ വകുപ്പ്, പോലീസ്, SITC

**സാമൂഹികാവബോധം**

**പ്രവർത്തനം : 1**

**പേര്** : അതിഥിയെ അറിയൽ
**ഉപമേഖല :** സാമൂഹ്യ അവബോധം വളർത്തൽ
**ലക്ഷ്യം** : പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ.
**പ്രവർത്തനങ്ങൾ:** ചർച്ചകൾ, സംവാദങ്ങൾ ക്ലാസ്സ് തലത്തിൽ സംഘടിപ്പിച്ച് സാമൂഹികമായ അറിവുകൾ നേടുന്നതിന് സഹായിക്കുക.

- **കാലം:** മാസത്തിലും
- **ചുമതല:** ക്ലാസ്സ് ടീച്ചർ
- **സാമ്പത്തിക വിശകലനം: 2000**

**പ്രവർത്തനം : 2**

**പേര്:** പ്രാദേശിക അറിവ്
**ഉപമേഖല:** നാട്ടറിവ്
**ലക്ഷ്യം** : നമ്മുടെ നാടിന്റെ സാംസ്കാരികമായ തനിമ നിലനിർത്തുന്നതിനും മനസ്സിലാക്കുന്നതിനും

**പ്രവർത്തനങ്ങൾ:** നാടിൻന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക.

- **കാലം:** നവംബർ
- **ചുമതല:** SSG

**പ്രവർത്തനം : 3**

**പേര്:** ഫീൽഡ് ട്രിപ്പ്
**ഉപമേഖല:** പൊതു സ്ഥാപനങ്ങൾ
**ലക്ഷ്യം** : സമൂഹത്തിൻ്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്
**പ്രവർത്തനങ്ങൾ:** പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ.

- **കാലം:** മാസത്തിലും
- **ചുമതല:** ക്ലാസ്സ് ടീച്ചർ
- **സാമ്പത്തിക വിശകലനം: 2000**

## വിവര സാങ്കേതിക വിദ്യ

**പ്രവർത്തനം: 1**

**പേര്:** വിവര സാങ്കേതിക വിദ്യയിൽ പരിശീലനം
**ഉപമേഖല:** അധ്യാപക ശാക്തീകരണം
**ലക്ഷ്യം** : വിവര സാങ്കേതിക വിദ്യ ഫലപ്രദമായി പ്രധാനപ്പെടുത്തുക.

**പ്രവർത്തനങ്ങൾ:** പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ (സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ).

- **കാലം:** മാസത്തിലും
- **ചുമതല:** SITC

**പ്രവർത്തനം : 2**

**പേര്:** IT
**ഉപമേഖല:** കമ്പ്യൂട്ടർ വിജ്ഞാനം
**ലക്ഷ്യം** : കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള പരിശീലനം
**പ്രവർത്തനങ്ങൾ:** IT/ICT പരിശീലന പരിപാടികൾ.

- **കാലം:** ജൂൺ
- **ചുമതല:** SITC

## പ്രവൃത്തി പരിചയം

**പ്രവർത്തനം : 1**

**പേര്:** പ്രവൃത്തി പരിചയശിൽപശാല
**ഉപമേഖല:** നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക
**ലക്ഷ്യം** : നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
**പ്രവർത്തനങ്ങൾ:** പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ, നിർമ്മാണം, ചന്ദനത്തിരി.

- **കാലം:** സെപ്റ്റംബർ
- **ചുമതല:** ക്ലാസ്സ് ടീച്ചർ
- **സാമ്പത്തിക വിശകലനം:** 2000

**പ്രവർത്തനം : 2**

**പേര്:** പേപ്പർ ബാഗ് നിർമാണം
**ഉപമേഖല:** പ്ലാസ്റ്റിക് രഹിത ക്യാമ്പസ്
**ലക്ഷ്യം** : **നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.**
**പ്രവർത്തനങ്ങൾ:** **പേപ്പർ ബാഗ് നിർമ്മാണ പരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക.**

- **കാലം:** മാർച്ച്

- **ചുമതല:** SSG

**പ്രവർത്തനം : 3**
**പേര്:** ഒറിഗാമി
**ഉപമേഖല:** കരകൗശല പരിശീലനം
**ലക്ഷ്യം** : **ഇതര വിഷയ പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക.**
**പ്രവർത്തനങ്ങൾ:** **ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ, പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ.**

- **സാമ്പത്തിക വിശകലനം: 2,000**

- **ചുമതല:** റിസോഴ്സ് പേർസൺ

## സർഗവേദി

**പ്രവർത്തനം: 1 -**

**പേര് : സർഗവേദി**

**ഉപമേഖല : പ്രകടനവേദികൾ**

**ലക്ഷ്യം** : കുട്ടികളുടെ കലാഭിരുചിയും സർഗാത്മക കഴിവുകളും വളർത്തുക

**പ്രവർത്തനങ്ങൾ:** എല്ലാ ക്ലാസുകളിലും ആഴ്ചയിൽ ഒരു ദിവസം സർഗവേദി നടത്തുന്നു.നേതൃത്വം വിദ്യാർത്ഥികൾ

- കാലം**:** ആഴ്ചതോറും

- ചുമതല**:** CT, SRG

**പ്രവർത്തനം: 2 -**

**പേര് :ടാലന്റ് ലാബുകൾ**
ഉപമേഖല: ടാലന്റ് ലാബ്
**ലക്ഷ്യം** : ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക

പ്രവർത്തനങ്ങൾ: നൃത്തം, ആലാപനം, ചിത്രരചന, ക്രാഫ്റ്റ് വർക്ക്, പെയിൻ്റിംഗ് തുടങ്ങിയ മേഖലകളിൽ എല്ലാ മാസത്തിലും പരിശീലനം നൽകുന്നു.

- ചുമതല: SRG, PTA
- സാമ്പത്തിക വിശകലനം: 3000

**പ്രവർത്തനം: 3**

**പേര് : പ്രകടന വേദികൾ**

**ഉപമേഖല:** സോഷ്യൽ മീഡിയ പ്രകടനങ്ങൾ

**ലക്ഷ്യം :**ഓരോ കുട്ടിയുടെയും സവിശേഷമായ വികസനത്തിന് അവസരമൊരുക്കുക,

**പ്രവർത്തനങ്ങൾ:** കുട്ടികളുടെ കഴിവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കുവെക്കുക.

- കാലം: ജൂൺ
- ചുമതല: SRG, CT

## ആരോഗ്യ - കായിക - വിദ്യാഭ്യാസം

**പ്രവർത്തനം: 1 - കായികാരോഗ്യം**

**ഉപമേഖല:** എയറോബിക്സ് എക്സർസൈസ്, ഫുട്ബോൾ കോച്ചിംഗ്
**ലക്ഷ്യം :** കുട്ടികളെ മനസ്സിന്റെ ശക്തി ബോധ്യപ്പെടുത്തി ഏതൊരു ലക്ഷ്യവും നേടുന്നതിന് പ്രാപ്തരാക്കുക.
**പ്രവർത്തനങ്ങൾ:** ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ്, സ്കിപ്പിംഗ് പരിശീലനം, ബാഡ്മിൻ്റൺ അത്ലറ്റിക് പരിശീലനം എന്നിവ നൽകുന്നു.

- ചുമതല: HM, SRG, PTA
- സാമ്പത്തിക വിശകലനം: 10,000

**പ്രവർത്തനം: 2 - ഹെൽത്ത് ചെക്കപ്പ്**
ഉപമേഖല: ആരോഗ്യം
**ലക്ഷ്യം :** എല്ലാ കുട്ടികൾക്കും കായിക ആരോഗ്യക്ഷമത ഉറപ്പുവരുത്തുക
**പ്രവർത്തനങ്ങൾ:** എല്ലാ കുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പുവരുത്താനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്കപ്പ് നടത്തുക.

- കാലം: സെപ്റ്റംബർ
- ചുമതല: PTA
- സാമ്പത്തിക വിശകലനം: 3,000

**പ്രവർത്തനം: 3 - കായിക വിദ്യാഭ്യാസം - അധ്യാപക ശിൽപശാല**

ഉപമേഖല: അധ്യാപക ശാക്തീകരണം
ലക്ഷ്യം : ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാകുട്ടികൾക്കും അവസരം
പ്രവർത്തനങ്ങൾ: PT പീരീഡിൽ ഫിസിക്കൽ എക്സർസൈസ്, ഗെയിംസ് എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ.

- ചുമതല: SRG

- സാമ്പത്തിക വിശകലനം: 1,000

# പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2 .എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3 .'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4 .കൂടുതൽ ക്ലാസ്സ്മുറികളിൽ സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

5. ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവൽക്കരിക്കും.

7 .ഓരോ ദിവസവും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./കോർണർ പി.ടി.എ.കൾ ചേരും.

8 .ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ നൽകും.

9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10 .ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തും.

11. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

12. മാലിന്യ മുക്ത വിദ്യാലയം: ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെൻ്റ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

13. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.

14. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

15. പോക്സോ സംബന്ധമായ ബോധവൽക്കരണം.

16. ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

## *നിർവഹണ ചുമതല*

കെ എം മുഹമ്മദ് ബഷീർ ( ഹെഡ് മാസ്റ്റർ )